(ബി) ഇവരുടെ മോചനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഗൾഫ് രാജ്യങ്ങളിലെ എംബസ്സികളിൽ ഓരോ ലീഗൽ അറ്റാഷെമാരെ നിയമിക്കണമെന്നും അവിടങ്ങളിലെ മലയാളികൾ നേരിടുന്ന കേസുകൾക്ക് ആവശ്യമായ നിയമപരിരക്ഷ നൽകണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്രത്തിൽ നിന്നും ഇക്കാര്യങ്ങൾ ചെയ്യുന്നതുവരെ നോർക്കയുടെ ആഭിമുഖ്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ ഓരോ നിയമജ്ഞരെ നിയമിക്കുകയും അവിടങ്ങളിൽ മലയാളികൾ നേരിടുന്ന നിയമപ്രശ്നങ്ങളിൽ അവരെ സഹായിക്കുകയും ചെയ്യാൻ നടപടിയെടുക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ) ഇത് സംബന്ധിച്ച് വിവിധ ഇന്ത്യൻ എംബസികളിൽ നിന്നും ലഭിച്ച വിവരം താഴെ ചേർക്കുന്നു.

ഒമാൻ	-	17
ഖത്തർ	-	26
സൗദിഅറേബ്യ	-	349 (ഇന്ത്യാക്കാർ)

മറ്റു രാജ്യങ്ങളിലെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ബി) നാട്ടിലുള്ള ബന്ധുക്കളിൽ നിന്നോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ജയിലിലായവരുടെ വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ മുഖേന അവരുടെ മോചനത്തിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ അറിവോ സമ്മതമോ കൂടാതെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ ബുദ്ധിമുട്ടാണ്.

ഉച്ചക്കഞ്ഞി വിതരണവും സ്ലേറ്റും പെൻസിലും നൽകുന്ന പദ്ധതിയും തുടരുവാൻ നടപടി

10(*277) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സാജു പോൾ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം ഈ വർഷവും തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉച്ചക്കഞ്ഞി വിതരണം ചെയ്ത വകയിൽ സ്കൂളുകൾക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് ; കുടിശ്ശിക തുക എത്ര ;

(സി) പാവപ്പെട്ട കുട്ടികൾക്ക് സൗജന്യമായി സ്ലേറ്റും പെൻസിലും നൽകുന്ന പദ്ധതി ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി ആവശ്യമായ തുക സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) സ്ലേറ്റും പെൻസിലും നൽകിയ വകയിൽ സ്കൂളുകൾക്ക് എന്ത് തുക കുടിശ്ശിക നൽകാനുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) കുടിശ്ശിക ഇല്ല.

(സി) ഈ വർഷവും തുടരുന്നതാണ്. അനുവദിച്ച തുക സ്കൂളുകൾക്ക് ആവശ്യകത അനുസരിച്ച് നൽകുന്നതാണ്.

(ഡി) കുടിശ്ശികയുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

മതികെട്ടാൻ ചോലവനം കയ്യേറ്റം സംബന്ധിച്ച് കുറ്റക്കാരായ റവന്യൂ ഉദ്യോഗസ്ഥന്മാർ

11 (*278) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതികെട്ടാൻ ചോലവനം കയ്യേറ്റം സംബന്ധിച്ച് കുറ്റക്കാരായ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) എത്ര ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു ; അവർ ആരെല്ലാം ;

(സി) ഇതിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ചു ;

(ഡി) എന്തെങ്കിലും ശിക്ഷണ നടപടികൾ ഇവരുടെ പേരിൽ സ്വീകരിച്ചിട്ടുണ്ടോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സർവ്വീസിലുണ്ടായിരുന്ന റവന്യൂ വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയുണ്ടായി.

1. ശ്രീ. റ്റി. ജെ. മാത്യു, ജില്ലാ കളക്ടർ, ഇടുക്കി.
2. ശ്രീ. പീറ്റർ ജോൺ, തഹസീൽദാർ, ഉടുമ്പൻചോല.

LIBRARY ARCHIVES Kerala Legislative Assembly